പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം:1613

03.10.2011 - ൽ മറുപടിക്ക്

## കൊടുമ്പള്ളി ഗ്രാമ പഞ്ചായത്ത് മെമ്പറുടെ വീട്ടിലെ റെയിഡിൻെറ വിശദാംശം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. റ്റി. എ. റഹീം. | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | 13.09.2011. ന് കോഴിക്കോട് റൂറൽ എസ്.പി യുടെ നേതൃത്വത്തിൽ ദ്രുത കർമ്മസേനയുടെ സാന്നിദ്ധ്യത്തിൽ വൈകിട്ട് 6 മണിക്ക് ശേഷം കൊടുമ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പറുടെ വീട്ടിൽ പോലിസ് റെയ്ഡ് നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തിൻെറ അടിസ്ഥാനത്തിലാണ് റെയിഡ് നടത്തിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | അനധികൃതമായി രേഖകൾ ഇല്ലാതെ പണം സൂക്ഷിച്ച് വെച്ചിട്ടുണ്ട് എന്ന വിശ്വാസയോഗ്യമായ വിവരം ലഭിച്ചതിൻെറ അടിസ്ഥാനത്തിലാണ് റെയിഡ് നടത്തിയത്. |
| (സി) | റെയിഡ് നടത്തുന്നതിനു മുമ്പ് കേസ് രജിസ്റ്റർ ചെയ്ത് മജിസ്ട്രേറ്റിൻെറ ഉത്തരവ് സമ്പാദിച്ചിട്ടുണ്ടോ ; | (സി) | റെയിഡ് നടത്തുന്നതിനു മുൻപ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. റെയിഡ് നടത്താൻ ബഹു: മജിസ്ട്രേറ്റിൻെറ ഉത്തരവ് സമ്പാദിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ രജിസ്റ്റർ ചെയ്ത കേസിൻെറ ക്രൈം നമ്പർ എത്രയാണെന്ന് വ്യക്തമാക്കാമോ ; | (ഡി) | കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | റെയിഡിനെ തുടർന്ന് എന്തെങ്കിലും സാധനങ്ങളോ രേഖകളോ പിടിച്ചെടുത്തിട്ടുണ്ടോ; | (ഇ) | ഇല്ല. |
| (എഫ്) | ഇത്തരത്തിൽ റെയിഡ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എഫ്) | നിയമാനുസരണം റെയിഡ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൊതുപ്രവർത്തകരുടെ വീടുകളിൽ റെയിഡ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | ഇല്ല. |
| (എച്ച്) | വീടുകൾ റെയിഡ് ചെയ്യുന്നതിന് എന്തെങ്കിലും മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എച്ച്) & (ഐ) | ക്രിമിനൽ പ്രൊസീഡ്യർ കോഡിലെ സെക്ഷൻ 100,165 എന്നീ വകുപ്പുകളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് വീടുകളിൽ റെയിഡ് നടത്തുന്നത്. |
| (ഐ) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ